## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1025 — 14/06/2012-ൽ മറുപടിയ്ക്ക്

## പണയഭൂമി ഏറ്റെടുക്കൽ

### ചോദ്യം

ശ്രീമതി. കെ. കെ. ലതിക

(എ) ബാങ്കിൽ പണയപ്പെടുത്തിയ ഭൂമിയുടെ ഒരു ഭാഗം പൊതു ആവശ്യത്തിനായി സർക്കാർ ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥലം ഉടമയ്ക്ക് നഷ്ടപരിഹാരം നേരിട്ട് നൽകുകയോ ബാങ്കിന് നൽകുകയോ ചെയ്യുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ ?

### ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

**(എ) & (ബി)**

പൊന്നുംവില നിയമം 14,15(A) വകുപ്പുകൾ അനുസരിച്ച് ബാങ്കിന് പണയപ്പെടുത്തിയ ആധാരം വിളിച്ചുവരുത്തുന്നതിനുള്ള അധികാരം പൊന്നുംവില ആഫീസറിൽ നിക്ഷിപ്തമാണ്. ഭൂവുടമ ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള തുക ഉഭയ സമ്മതപ്രകാരം ബാങ്കിന് നൽകുകയും ബാക്കി തുകയുണ്ടെങ്കിൽ ഭൂവുടമയ്ക്ക് നൽകുന്നതുമാണ്.

സെക്ഷൻ ഓഫീസർ.